# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2147

26.03.2013 ൽ മറുപടിയ്ക്ക്

## 'കേപ്പി'ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 'കേപ്പി'ന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | (എ) കേപ്പി'ന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) അടുത്ത അദ്ധ്യയന വർഷം പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; | (ബി) ആറൻമുളയിലും മുട്ടത്തറയിലും വടക്കാഞ്ചേരിയിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ 2013-14 അധ്യയന വർഷം ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരിക്കുകയാണ്. |
| (സി) അവ പ്രവർത്തിക്കുന്നതിനാവശ്യമായ എൻ.ഒ.സി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) ഇല്ല. അടുത്ത അധ്യയന വർഷത്തിലേയ്ക്ക് (2013-14) പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതിന് കേരള സർക്കാർ മോറട്ടോറിയം ഏർപ്പെടുത്തിയിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര കാലത്തിനുള്ളിൽ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ; | (ഡി) | ആറൻമുള എഞ്ചിനീയറിംഗ് കോളേജിന് വേണ്ടിയുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മുട്ടത്തറയിൽ എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. ലഭിച്ചതിനുശേഷം ആദ്യഘട്ട നിർമ്മാണങ്ങൾ പൂർത്തിയാക്കി 2014-15 വർഷം പ്രവർത്തനം ആരംഭിക്കാമെന്നു പ്രതീക്ഷിക്കുന്നു. വടക്കാഞ്ചേരിയിൽ കേപ്പിന് സ്ഥലം ലഭിച്ചതിനുശേഷം ഒരു വർഷത്തിനുള്ളിൽ ആദ്യഘട്ട നിർമ്മാണങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാമെന്നും പ്രതീക്ഷിക്കുന്നു. |
| (ഇ) | 'കേപ്പി'ന്റെ പ്രവർത്തനം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് വിശദമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1) കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കളമശ്ശേരി, കൊച്ചി

2) കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി , വടകര, കോഴിക്കോട്.

3) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ, കൊല്ലം

4) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ, കോട്ടയം

5) കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര, ആലപ്പുഴ

6) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി, കണ്ണൂർ

7) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ, കാസറഗോഡ്

8) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം

9) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി , പുന്നപ്ര, ആലപ്പുഴ

10) കോളേജ് ഓഫ് നഴ്സിംഗ്, സി.എം.സി, കളമശ്ശേരി, കൊച്ചി

11) സ്കൂൾ ഓഫ് നഴ്സിംഗ്, സി.എം.സി, കളമശ്ശേരി, കൊച്ചി

12) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (കിംബ്), പുന്നപ്ര, ആലപ്പുഴ

സെക്ഷൻ ഓഫീസർ